# കെ കെ കുമാരപിള്ള സ്മാരക ഗവൺമെന്റ് ഹൈസ്ക്കൂൾ കരുമാടി.



# ഷരദം

## കുട്ടികളുടെ സൃഷ്ടികൾ

## 2021- '22

കോവിഡ് കാലം എല്ലാവരേയും ഏറെ ആശങ്കയിലാക്കി. സ്കൂളിൽ വരാൻ കഴിഞ്ഞില്ല എങ്കിലും ദിനാചരണ പ്രവർത്തനങ്ങളിലും ടെക്ക് കരുമാടിയിലും ഒക്കെയായി കുഞ്ഞുങ്ങളെ സജീവമാക്കുവാൻ കഴിഞ്ഞു എന്നതിന്റെ തെളിവുകളാണ് ഈ ഇതളുകൾ. .കരുമാടി കെ കെ കുമാരപിള്ള സ്മാരക ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികളുടെ സൃഷ്ടികൾ - ഛദം - സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ഷൈനി വി

ഹെഡ്മിസ്ട്രസ്സ്

കെ കെ കെ പി എസ്സ് ജി എച്ച് എസ്സ്

കരുമാടി.



Hello friends,

I am Ozone, today I am going to introduce myself.
I am a gas made up of three oxygen atoms.
I am the natural part of our atmosphere, and my duty is to protect you all from the harmful Ultra Violent rays of the Sun by acting as a sunscreen.
Without me all of your life on the Earth will be more difficult.
So friends you all have to take initiative steps to save me.

Save the Ozone,
Save the Planet,
Save the future.



Thank you,

Keerthana.A.R
7 B




# എന്റെ പേര് ഓസോൺ 2

ഹായ് കൂട്ടുകാരെ എന്റെ പേര് ഓസോൺ. കുട്ടികൾക്ക് എന്നെ കുറച്ചൊക്കെ പരിചയം ഉണ്ടായിരിക്കുമല്ലോ? നിങ്ങളുടെ അധ്യാപകർക്കും ശാസ്ത്രജ്ഞന്മാർക്കും ഒക്കെ എന്നെ കൂടുതൽ അറിയാൻ സാധിക്കും. വളരെ ചെറിയ രീതിയിൽ ഞാൻ ആരാണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാം. നിങ്ങൾക്ക് ലഭിക്കുന്ന ചൂട് അധികം കൂടാതെയും കുറഞ്ഞു പോകാതെയും സംരക്ഷിക്കുന്നതിന് എല്ലാവരും എന്നെ സ്നേഹത്തോടെ ഓസോൺ കുട എന്ന് വിളിക്കും. നിങ്ങളെന്നെ ഓസോൺ അപ്പൂപ്പൻ എന്ന് വിളിച്ചാൽ മതി. പിന്നെ നിങ്ങൾ ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തിയുടെ ഫലമായി എന്റെ ആരോഗ്യം ക്ഷയിച്ചു  കൊണ്ടിരിക്കുകയാണ്. അറിയാമല്ലോ,എന്റെ ആരോഗ്യം നിലനിർത്തേണ്ടത് നിങ്ങളുടെ ആവശ്യമാണ്. സുഖസൗകര്യങ്ങൾ ക്ക് വേണ്ടി നിങ്ങളുടെ വീടുകളിൽ ഉപയോഗിക്കുന്ന പല ഉപകരണങ്ങളും എന്റെ ആരോഗ്യം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വരും തലമുറ എന്നെ സംരക്ഷിക്കും എന്ന വിശ്വാസത്തോടെ

നിങ്ങളുടെ
ഓസോൺ അപ്പൂപ്പൻ



അക്ഷയ പ്രമോദ്
7 B



# Profile of Sri P.N Panicker



Sri. P.N Panicker was born on 1 march 1909 as the son of Govinda Pillai and Janaki Amma at neelamperoor in Alappuzha district.
His real name is Puthuvayil Narayana Paniker.
He was popularly known as the father of the library movement in Kerala. By profession he is a teacher he started Sanadanadharmam library on his birthday place in 1926.P.N Panicker took leadership in forming Thiruvithamkoor Grandhasala Sangam in 1945 with 47 rural libraries.The slogan of the sangam was ' read and grow'.Later,with the formation of of Kerala state in 1956,it became Kerala Grandhasala Sangam(KGS). He traveled across the villages of Kerala to propagate the message of reading and inviting active involvement of people.Grandhasala Sangam won the prestigious Krupskaya Award from UNESCO in 1975. In 1977 he founded the Kerala Association for Non Formal Education and Development (KANFED).
He has also taken keen interest in promoting Agricultural Books Corner, Sauhrudagramam,Reading Programs for Familes, Grants for Books and Building Libraries and Best Reader's Award PN Panicker Foundation.He died on 19 June 1995 at the age of 86. At last the Government of Kerala stepped in at accept the contributions of PN Panicker and order to observe 19 June annually as reading day with a week long series of activities at school and public Institutions to honour the contributions of P N Panicker to the cause of literacy,education and library movement.



Vaishnavy Vinu
8B



4

# തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

പ്രാചീന കവിത്രയത്തിലൊരാളായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെക്കുറിച്ചുള്ള ഏതാനും കാര്യങ്ങളാണ് ഇവിടെ പങ്കുവയ്ക്കുന്നത്. മലപ്പുറം ജില്ലയിലെ തുഞ്ചൻ പറമ്പിലാണ് എഴുത്തച്ഛന്റെ ജനനം. പതിനാറാം നൂറ്റാണ്ടിൽ കേരള സംസ്ക്കാരം തന്ന ആദ്ധ്യാത്മിക പുരുഷനാണ് എഴുത്തച്ഛൻ. നമ്മുടെ സംസ്ക്കാരത്തെ ഭക്തിയിലേക്കു നയിച്ച വ്യക്തിയും അദ്ദേഹം തന്നെ. കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. അദ്ധ്യാത്മരാമായണം, ഭാരതം കിളിപ്പാട്ട്, ഹരിനാമകീർത്തനം തുടങ്ങിയ കൃതികളിലൂടെ അദ്ദേഹത്തിന്റെ തൂലിക കേരളത്തെ അനുഗ്രഹിച്ചു . ഇന്നു നാം കാണുന്ന സാംസ്ക്കാരിക വികസനത്തിന് നാന്ദി കുറിച്ചത്  ഈ മഹാകവിയാണെന്നു തന്നെ പറയാം. അതുകൊണ്ടു തന്നെ കേരളീയസാഹിത്യം അദ്ദേഹത്തെ ഭാഷയുടെ പിതാവായി ആദരിച്ച് ബഹുമാനിക്കുന്നു.



ശ്രേയ സുരേഷ്
8A





# എന്നെ രക്ഷിക്കൂ

ഞാൻ ഭൂമിയാണ്.

എന്നിൽ എത്രയോ തരത്തിലുള്ള ജീവജാലങ്ങൾ ആണ് ഉള്ളത്. അവരെല്ലാവരും എന്റെ മക്കളാണ്. അവർക്ക് ഒരാപത്തും വരരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നാൽ സ്വന്തം നിലനില്പിനെയും ആ നിലനില്പിന് കാരണമായ എന്നെയും എന്നിലുള്ള മരങ്ങളെയും ചെടികളെയും നശിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് എല്ലാ മനുഷ്യ ജീവികളും ചെയ്തു പോരുന്നത്.



മരങ്ങളും ചെടികളും വെട്ടി കാടുകൾ നശിപ്പിക്കുമ്പോൾ മഴ കുറയുകയും ഭൂമിയിൽ ചൂട് ക്രമാതീതമായി വർഢിക്കുകയും ചെയ്യുന്നു

പ്ലാസ്റ്റിക്കിന്റെ ഉപയോഗമാണ് എന്നെ ഇപ്പോൾ ഏറ്റവും അധികം ശല്യപ്പെടുത്തുന്നത്. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം ഭരണാധികാരികൾ അടിച്ചമർത്തി വന്നു കൊണ്ടിരുന്നപ്പോഴാണ് കൊറോണ എന്ന മാരകമായ വിപത്ത് എന്നെ പൊതിഞ്ഞത് അതോടു കൂടി നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് പല രൂപത്തിലും വീണ്ടും പ്രത്യക്ഷപ്പെട്ടു. പി പി ഇ കിറ്റ് എന്ന പേരിൽ മനുഷ്യനെ ആ പ്ലാസ്റ്റിക്ക് വീണ്ടും വിഴുങ്ങി .

പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുണ്ടാകുന്ന മാരക വിഷമായ
ക്ലോറോ ഫ്ലൂറോ കാർബൺ ഓസോൺ പാളിക്ക്
വിള്ളലുകൾ ഉണ്ടാക്കുകയും ആ വിള്ളൽ സൂര്യനിൽ
നിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ ഉൾപ്പടെയുള്ള
മാരകമായ രശ്മികൾ നേരിട്ട് എന്റെ ഉപരിതലത്തിൽ
വന്നു വീഴുകയും അതു മൂലം എന്നിൽ ചൂട്
വർദ്ധിക്കുകയും ചെയ്യുന്നു. ഇത് എന്റെ മക്കളായ
മനുഷ്യർക്ക് ശരീരത്തിന് പൊള്ളലും ത്വക്കിൽ മെലനോമ
പോലുള്ള ക്യാൻസറിനും കാരണമായിത്തീരുന്നു.
കൂടാതെ ഫ്രിഡ്ജുകളിൽ ശീതികാരിയായി
പ്രവർത്തിക്കുന്ന ഫ്രിയോണുകളും ഓസോൺ പാളിക്ക്
ദോഷകരമാണ്

ഇപ്പോൾ എനിക്ക് വളരെ സന്തോഷകരമായ ഒരു
കാര്യം നിങ്ങളെ അറിയിക്കുവാനുണ്ട്. ഒട്ടുമിക്ക എല്ലാ
രാജ്യങ്ങളിലും കൊറോണ കാരണം ലോക് ഡൗൺ
പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് അന്തരീക്ഷ
മലിനീകരണത്തിന് കാരണമായി പ്രവർത്തിച്ചിരുന്ന പല
ഫാക്ടറികളും ഇപ്പോൾ പ്രവർത്തിക്കാതെയായി. അതിനാൽ
ഉദ്ദേശം പത്ത്ലക്ഷം ചതുരശ്ര കി മി ഉള്ള ഒരു ഓസോൺ
വിള്ളൽ ഇപ്പോൾ അടഞ്ഞിരിക്കുന്നു. ഇത് എനിക്ക്
ഏറെ ആശ്വാസകരമാണ്. എന്നാൽ ഇതു കൊണ്ടു
മാത്രമായില്ല. ഓസോൺ പാളിക്ക് വിള്ളലുണ്ടാക്കുന്ന
ഹരിതഗൃഹ വാതകങ്ങളുടെ അളവു കുറച്ചാൽ മാത്രമേ
നമുക്ക് ആശ്വസിക്കുവാൻ കഴിയുകയുള്ളൂ



എല്ലാവർക്കും നന്മ വരട്ടെ
എന്ന് ഭൂമി

ആദിത്യൻ ആർ.
6 B

# പി.കേശവദേവിന്റെ ജീവചരിത്രക്കുറിപ്പ്



കേരളത്തിലെ പ്രശസ്തനായ
നോവലിസ്ററും ചെറുകഥാകൃത്തും
നാടകകൃത്തും തൊഴിലാളി
പ്രസ്ഥാന പ്രവർത്തകനും
ആയിരുന്ന പി.കേശവദേവ് 1904 ൽ .
എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ
ജനിച്ചു. യഥാർത്ഥനാമം കേശവപിള്ള
എന്നായിരുന്നു.ആര്യസമാജത്തിൽ ചേർന്ന്
കേശവദേവ് എന്ന പേര് സ്വീകരിച്ചു. പിന്നീട്
യുക്തിവാദിയായി തൊഴിലാളി പ്രസ്ഥാനങ്ങൾക്ക്
നേതൃത്വം നൽകി. താഴേക്കിടയിലുള്ള
മനുഷ്യരെയാണ് അദ്ദേഹം കഥാപാത്രങ്ങളാക്കിയത്. പി
സീതാലക്ഷ്മിയാണ് അദ്ദേഹത്തിന്റെ ഭാര്യ.
ഇരുപതോളം നോവലുകളും പതിനാറോളം
ചെറകഥാസമാഹാരങ്ങളും പത്തിലേറെ നാടകങ്ങളും
രചിച്ചിട്ടുണ്ട്. ഓടയിൽ നിന്ന് എന്ന നോവൽ സിനിമ
ആക്കിയിട്ടുണ്ട്. അയൽക്കാർ എന്ന കൃതിക്ക് കേന്ദ്ര
സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.
ഓടവിൽ നിന്ന്, ഭ്രാന്താലയം, അയൽക്കാർ ,
റാസി, കണ്ണാടി, സ്വപ്നം എനിക്കും ജീവിക്കണം,
ഞൊണ്ടിയുടെ കഥ വെളിച്ചം കേറുന്നു
ആദ്യത്തെക്കഥ, എങ്ങോട്ട് , ഒരു ലക്ഷവും കാറും,
അന്നത്തെ നാടകം ഉഷസ്സ്, നിയമത്തിന്റെ മറവിൽ ,
മരച്ചീനി, ഉണർവ്, ഘോഷയാത്ര , ആലപ്പുഴയ്ക്ക് ,
തുടങ്ങിയവയാണ് കൃതികൾ . 1983 ജൂലൈ 1 ന്
78-ാ മത്തെ വയസ്സിൽ അന്തരിച്ചു.

സൂര്യനാരായണൻ ജെ
8 B



# വള്ളത്തോൾ നാരായണ മേനോൻ

8



ശ്രീ വള്ളത്തോൾ നാരായണ മേനോൻ ജനിച്ചത് മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമത്തിലാണ്.1878 ഒക്ടോബർ 10 ന് കോഴിപ്പറമ്പിൽ കുട്ടിപ്പാറുവമ്മയുടെയും ദാമോദരൻഇളയതിന്റെയും മകനായി തിരൂർ ചേന്നരയിൽ ജനിച്ചു. ആധുനിക കവിത്രയത്തിൽ ഒരാളാണ് .1909 - ൽ കേൾവി നഷ്ടപ്പെട്ടു. ഇതിന്റെ ചികിൽസ നടന്നു കൊണ്ടിരുന്ന കാലത്താണ് ചിത്രയോഗം മഹാകാവ്യം രചിച്ചത്. അദ്ദേഹം ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിച്ചു. മാർക്കണ്ഡേയപുരാണം, പത്മപുരാണം ,വാമനപുരാണം, മത്സ്യ പുരാണം, തുടങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹം സംസ്കൃതത്തിൽ നിന്നും പരിഭാഷപ്പെടുത്തി. സമസ്ത കേരള സാഹിത്യ പരിക്ഷത്തിന്റെ അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മഗ്ദലനമറിയം ,ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും അച്ഛനും മകളും ,കൊച്ചു സീത, സാഹിത്യമഞ്ജരി , കർമ്മഭൂമിയുടെ പിഞ്ചു കാൽ തുടങ്ങിയവയാണ് പ്രധാന കൃതികൾ .പത്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്. വാല്മീകി രാമായണം വിവർത്തനം നടത്തിയതിനാൽ വള്ളത്തോളിനെ കേരള വാത്മീകി എന്നുംഅറിയപ്പെടുന്നു. കേരളത്തിന്റെ തനതു കലയായ കഥകളിയെ വളർത്തിക്കൊണ്ടുവരുന്നതിന് മുകുന്ദരാജാ, കുഞ്ഞുണ്ണിരാജാ എന്നിവരോടൊപ്പം ചേർന്ന് 1927 ൽ കലാമണ്ഡലം സ്ഥാപിച്ചു. 1958 ൽ അന്തരിച്ചു.

സൂര്യനാരായണൻ. ജെ

8 B




# എന്നെ സ്വാധീനിച്ച അധ്യാപകൻ

ഞാൻ മുൻപ് പഠിച്ച സ്കൂളിലെ എന്റെ ക്ലാസ് ടീച്ചർ ആയിരുന്നു അഖിൽ സാർ ശരിക്കും ഞങ്ങളുടെ ഒരു സഹോദരനെ പോലെ ആയിരുന്നു ഞങ്ങളോടും ഞങ്ങൾക്ക് സാറിനോടും നല്ല സ്നേഹവും നല്ല കൂട്ടുകാരായിരുന്നു ഞാൻ മാത്രമല്ല എന്റെ ക്ലാസിലെ എല്ലാ കുട്ടികൾക്കും സാറിനെ വലിയ ഇഷ്ടമായിരുന്നു. സാധനം നല്ല തമാശക്കാരൻ ഉം അതുപോലെതന്നെ ചിട്ടയുള്ള ആളായിരുന്നു ഒരു സഹോദരനെ പോലെ ആയതുകൊണ്ട് അത് പോലെ സ്ഥാനമാണ് ഞങ്ങൾ സാറിനു നൽകിയത് ഒരുദിവസം സാർ ക്ലാസ്സിൽ വന്നില്ല ഒരു ദിവസം സാറിനെ കാണാതെ ഇരുന്നപ്പോൾ ക്ലാസിലുള്ള എല്ലാവർക്കും വിഷമമായിരുന്നു. പിന്നെ ഞങ്ങൾ അതു വലിയ കാര്യമായി എടുത്തില്ല ഒരുദിവസം അല്ലേ അടുത്ത ദിവസം എന്തായാലും സാർ വരുമായിരിക്കും എന്ന് വിചാരിച്ചിരുന്നു അടുത്ത ദിവസവും വന്നില്ല ഇങ്ങനെ ഒരാഴ്ച എന്തിന് ഒരു മാസംവരെ സാർ വന്നില്ല ഇത്രയും ദിവസം സാർ വരാത്ത കാര്യം എന്താണെന്ന് അറിയാൻ ഞങ്ങൾക്ക് തിടുക്കമായി ഇനി സാർ സ്കൂളിൽനിന്ന് പോയതായിരിക്കും എന്ന് വിചാരിച്ചു.



ഒരു ദിവസം സാറിനു വയറുവേദന ആണെന്ന് ടീച്ചേഴ്സ് പറഞ്ഞു. അപ്പോൾ ഞങ്ങൾ ചെറിയ കുട്ടികൾ ആയതുകൊണ്ട് വയറു വേദനയ്ക്ക് ഇത്രയുംദിവസം ലീവ് എടുക്കുന്നത് എന്തിനാണെന്ന് ഞങ്ങൾ വിചാരിച്ചു. അങ്ങനെ ഒരു വർഷം കഴിഞ്ഞു. ഞാനവിടെ നിന്നും സ്കൂൾ മാറി ഇപ്പോഴുള്ള കരുമാടി സ്കൂളിൽ ചേർന്നു. പുതിയ സ്കൂളിൽ ശരിക്കും ഞാൻ സന്തോഷിച്ച് അടിച്ചു പൊളിച്ചു. ആദ്യം പുതിയ സ്കൂൾ ആയതുകൊണ്ട് കൂട്ടുകാർ ഒന്നും ഇല്ലല്ലോ എന്ന് കരുതി വിഷമിച്ചു പിന്നെ അതു മാറി എന്റെ അനിയത്തിയെ ഞാൻ മുൻപ് പഠിച്ച സ്കൂളിലേക്ക് ചേർത്തു. അവൾ അവിടെ അങ്ങനെ കുറെ നാൾ പഠിച്ചു. എന്നിട്ട് ഒരു സെപ്റ്റംബർ5 ന് അവൾ സ്കൂൾ വിട്ടു വന്നപ്പോൾ എന്റെ കൂടെ മുൻപ് പഠിച്ച ഒരു സുഹൃത്ത് സ്കൂൾ ബസ്സിന്റെ അടുത്തേക്ക് വിളിച്ചു എന്നിട്ട് അവൾ പറഞ്ഞു " എടി അഖിൽ സർ മരിച്ചു ." അത് കേട്ടപ്പോൾ ഞാൻ തകർന്നു പോയി. സാറിന് ക്യാൻസറായിരുന്നു. ഇതു കേട്ടപ്പോൾ വലിയ വിഷമമായി. പക്ഷേ സാറിന്റെ ഓർമ്മകളിലേക്ക് പോകുമ്പോൾ സാർ ഇപ്പോഴും കൂടെ തന്നെയുണ്ട് എന്ന തോന്നലാണ്. അങ്ങനെ എല്ലാ അധ്യാപക ദിനത്തിലും ഞാൻ സാറിനെ ഓർക്കും 😔🥀💐


ദേവു എം
4 B



# വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്രക്കുറിപ്പ്

മലയാളത്തിന്റെ പ്രിയ കഥാകൃത്തും സ്വാതന്ത്ര്യ സമര പോരാളിയും ആയിരുന്നു ബേപ്പൂർ സുൽത്താൻ എന്നു വിളിക്കുന്ന വൈക്കം മുഹമ്മദ് ബഷീർ , ൧൯൦൮ ജനുവരി ൨൧ ന് കോട്ടയം ജില്ലയിലെ വൈക്കത്ത് തലയോലപ്പറിൽ ജനിച്ചു. പിതാവ് കായി അബ്ദുൾ റഹ്മാൻ ,മാതാവ് കുഞ്ഞുഞ്ഞമ്മ എന്നിവരായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും ആയിരുന്നു.

രസകരവും സാഹസികവും ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം . സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിലെ വഴിത്തിരിവായത്. ൧൯൩൦ - ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തു.



പ്രഭ എന്ന തൂലികാ നാമത്തിലാണ് ആദ്യം അദ്ദേഹം അറിയപ്പെട്ടിരുന്നത്. സാമാന്യം മലയാള ഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. ഹാസ്യം കൊണ്ട് വായനക്കാരെ ബഷീർ ചിരിപ്പിച്ചു പ്രേമലേഖനം, ബാല്യകാല സഖി , പാത്തുമ്മയുടെ ആട്, മതിലുകൾ , അവകാശികൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ .ഇന്ത്യാ ഗവൺമെന്റിന്റെ പത്മശ്രീ , കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് , കാലിക്കറ്റ് സർവ്വകലാ ശാലയുടെ ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം, പ്രേം നസീർ അവാർഡ്, വള്ളത്തോൾ അവാർ ഡ് തുടങ്ങിയ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1994 ജൂലൈ 5 ന് 86-ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു.

വിഷ്ണു നാരായണൻ ജെ

6 B

മാന്യ സദസിനു നമസ്കാരം 


ഡോ. സർവേപള്ളി രാധാകൃഷ്ണൻ

അച്ഛനുമമ്മയും കഴിഞ്ഞാൽ
കുട്ടികൾ ആദ്യം അനുകരിക്കുന്നത്
അവരുടെ അധ്യാപകരെ ആണ് .
അതുകൊണ്ടുതന്നെ കുട്ടികളുടെ
സ്വഭാവരൂപീകരണത്തിൽ അധ്യാപകർ
ഒരു വലിയ പങ്കു വഹിക്കുന്നു. ഒരു
നല്ല അധ്യാപകന് മാത്രമേ ഒരു നല്ല
സമൂഹത്തെ വാർത്തെടുക്കാൻ
കഴിയുകയുള്ളൂ.
അധ്യാപകർ കേവലം ക്ലാസ്സ് മുറികളുടെ
നാല് ചുവരുകൾക്കുള്ളിൽ കഴിയേണ്ടവരല്ല.
അധ്യാപനത്തിൽ നിന്നും ഇന്ത്യയുടെ
പ്രഥമ സ്ഥാനത്തിൽ ഏക എത്തിച്ചേർന്ന
ഡോക്ടർ എസ് രാധാകൃഷ്ണന്റെ
ജന്മദിനമാണ് നാം അധ്യാപക ദിനമായി
ആഘോഷിക്കുന്നത്.
അധ്യാപകർ കുട്ടികളുടെ മനസ്സിലേക്ക്
ഇറങ്ങിച്ചെന്ന്, അവരിൽ പരസ്പര
സ്നേഹം, കരുണ ,രാഷ്ട്രബോധം എന്നിവ
ഉയർത്തി അവരെ നല്ല പൗരന്മാരാക്കി
തീർക്കാനുള്ള അവസരം
പ്രയോജനപ്പെടുത്തുകയും ചെയ്യട്ടെ
എന്ന് ആശംസിച്ചുകൊണ്ട് എന്റെ എല്ലാ
അധ്യാപകർക്കും
അധ്യാപക ദിനാശംസകൾ
നേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ
നിർത്തുന്നു
നന്ദി
നമസ്കാരം




അലോണ ബി. മാത്യു
8B



# പ്രകൃതി ഭംഗി

ഈ പാടമെന്തു ഭംഗി
ഈ തോടിനെന്തു ഭംഗി
ഈ ആറിനെന്തു ഭംഗി
ഈ പൂക്കളെന്തു ഭംഗി
ഈ ആകാശമെന്തു ഭംഗി
ഈ ഭൂമിയെന്തു ഭംഗി

വിഷ്ണു നാരായണൻ ജെ
6 B



# ഡോക്ടർ എസ്. രാധാകൃഷ്ണന്റെ ജീവചരിത്ര കുറിപ്പ്



ഇന്ത്യയുടെ രണ്ടാമത്തെ
രാഷ്ട്രപതിയായിരുന്ന
ഡോ.എസ്.രാധാകൃഷ്ണൻ.
൧൮൮൮ സെപ്തംബർ 5 ന് തമിഴ്
നാട്ടിലെ തിരുത്തണിയിൽ
ജനിച്ചു. തെലുങ്കായിരുന്നു
മാതൃഭാഷ. വീരസ്വാമിയും
സീതമ്മയും ആയിരുന്നു
അദ്ദേഹത്തിന്റെ മാതാപിതാക്കൾ.
കുടുംബ പശ്ചാത്തലം
ദരിദ്രമായിരുന്നു. പഠനത്തിൽ
സമർത്ഥനായിരുന്നു. പ്രാഥമിക
വിദ്യാഭ്യാസം പ്രൈമറി ബോർഡ്
വിദ്യാലയത്തിൽ നിന്നും ,
ഹൈസ്കൂൾ വിദ്യാഭ്യാസി
ഹെർമാൻസ് ബർഗ് ഇവാഞ്ചലിക്കൽ
ലൂഥർ മിഷൻ സ്കൂളിൽ നിന്നും
ആയിരുന്നു. മദ്രാസ് ക്രിസ്ത്യൻ
കോളേജിൽ നിന്നു ബി.എ. ജയിച്ചു.
മദ്രാസ് സർവ്വകലാശാലയിൽ നിന്നും
ബിരുദാനന്തരബിരുദം നേടി.

16 മത്തെ വയസ്സിൽ ശിവകാമുവിനെ വിവാഹം ചെയ്തു. 1909-ൽ മദ്രാസ് പ്രസിഡൻസി കോളേജിൽ അധ്യാപകനായി. ഈ സമയത്ത് പത്രമാസികകളിൽ എഴുതുമായിരുന്നു.1921 ൽ കൽക്കട്ട സർവ്വകലാശാലയിൽ ഫിലോസഫി പ്രൊഫസറായി. ഇന്ത്യൻ ഫിലോസഫി, ഹിന്ദു വ്യൂ ഓഫ് ലൈഫ് , ആൻ ഐഡിയലിസ്റ്റ് വ്യൂ ഓഫ് ലൈഫ് , തുടങ്ങിയവയാണ് പ്രധാന രചനകൾ . ഡോക്ടർ രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ അധ്യാപകദിനമായി ആഘോഷിക്കുന്നു. ഏപ്രിൽ 17 1975 ൽ അദ്ദേഹം അന്തരിച്ചു. ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയുടെ സ്മരണയെ മാനിക്കുന്നതിനും നമ്മുടെ ജീവിതത്തിൽ അധ്യാപകരുടെ പ്രധാന്യത്തെ അനുസ്മരിക്കുന്നതിനുമാണ് അധ്യാപകദിനം ആഘോഷിക്കുന്നത്.




സൂര്യനാരായണൻ ജെ
8 ബി

# കാർഗിൽ ദിനം



കാർഗിൽ യുദ്ധസ്മാരകം

1999 ജൂലൈ 26 കാർഗിൽ ദിനമായി ആചരിക്കുന്നു. ഇന്ത്യൻ മണ്ണിലേയ്ക്ക് അതിക്രമിച്ച് കടന്ന പാക് സൈന്യത്തെ തോൽപിച്ച ഇന്ത്യ, കാർഗിൽ യുദ്ധം വിജയിച്ച ദിവസം ആണ് ജൂലൈ 26. 1999 മെയ് മുതൽ ജൂലൈ വരെ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സായുധ പോരാട്ടം നടന്നു. ശത്രു സൈന്യത്തെ തുരത്തിയ ഇന്ത്യയുടെ ത്രിവർണ്ണ പതാക പറന്ന് ഉയർന്നു. കാർഗിൽ യുദ്ധത്തിൽ ജീവൻ നഷ്ടമായ ധിരയോദ്ധാക്കളെ അനുസ്മരിക്കാനാണ് ഇന്ത്യ ജൂലൈ 26 കാർഗിൽ ദിനമായി ആചരിക്കുന്നത്.




ആഷിക്ക് സിജി
8 B